# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6553 01.11.2011 - ൽ മറുപടിയ്ക്ക്

### ഇരട്ട നിയന്ത്രണം ഒഴിവാക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഇരട്ട നിയന്ത്രണം ഒഴിവാക്കൽ ചട്ടപ്രകാരം എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാരാണ് ഓപ്ഷൻ നൽകിയത്; ലിസ്റ്റ് സഹിതം വിശദാംശം വ്യക്തമാക്കുമോ ; | (എ) | ഇരട്ട നിയന്ത്രണം ഒഴിവാക്കൽ ചട്ടപ്രകാരം 308 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരാണ് ഓപ്ഷൻ നൽകിയത്. ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഡി.എം.ഇ.- യുടെ കീഴിലെ എത്ര തസ്തികക ളിലാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാരുടെ ഓപ്ഷൻ ക്ഷണിച്ചത്; എത്ര തസ്തിക കളിൽ നിയമനം നടത്തി;ഓപ്ഷൻ നൽകിയ എല്ലാ തസ്തികകളിലും നിയമനം നടത്താൻ കഴിഞ്ഞോ;ഇല്ലെങ്കിൽ പൂർണ്ണ വിവരം വ്യക്തമാക്കുമോ; | (ബി) | ഇരട്ട നിയന്ത്രണം ഒഴിവാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് മാറ്റിയ 7 ഒഴിവുകളിലേക്കാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഓപ്ഷൻ ക്ഷണിച്ചത്. ഇപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് നൽകിയ 7 തസ്തികകളിലേക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ ലാവണം മാറ്റി നൽകിയ ആളുകൾക്ക് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നിയമനം നൽകുകയുണ്ടായി. |
| (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് ഓപ്ഷൻ നൽകിയവർ ആരൊക്കെ ; ആരെയാണ് പ്രസ്തുത സ്ഥാപനത്തിൽ നിയമിച്ചത് ; നിയമനം ലഭിച്ചവരേക്കാൾ സീനിയോറിറ്റി ഉള്ള ആരൊക്കെ ഒഴിവാക്കപ്പെട്ടു ; പൂർണ്ണ വിവരം വ്യക്തമാ ക്കുമോ ; | (സി) | 210 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് ഓപ്ഷൻ നൽകിയിരുന്നു. ശ്രീ. ബിജു.പി.കരിയം എന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I നെയാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിയമിച്ചത്. ഓപ്ഷൻ നൽകിയ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരിൽ നിന്നും സീനിയറായിട്ടുള്ള 7 പേരെ ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് അലോട്ട് ചെയ്യുകയും അവർക്ക് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നിയമനം നൽകുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് കോടതി ഉത്തരവനുസരിച്ച് 2 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ ഒഴിവാക്കി പകരം ശ്രീ.മുഹമ്മദ് എൻ.പി, ശ്രീ. ജോൺ എൽപിസ്റ്റൺ എന്നിവരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് അലോട്ട് ചെയ്തിട്ടുണ്ട്. |

തുടർച്ച ............2

| | | | |
|---|---|---|---|
| (ഡി) | ഓപ്ഷൻ നൽകിയവരിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇരട്ട നിയന്ത്രണം ഒഴിവാക്കൽ ചട്ടപ്രകാരം സീനിയോറിറ്റി ഉള്ള വ്യക്തി ആരാണ് ; പ്രസ്തുത വ്യക്തിയെ നിയമിക്കണമെന്നാവശ്യപ്പെട്ട് ഡയറക്ടർ, വകുപ്പ സെക്രട്ടറി എന്നിവർക്ക നൽകിയ അപേക്ഷയിൽ വകുപ്പ് എന്തു നടപടി സ്വീകരിച്ചു ; പൂർണ്ണ വിവരം വ്യക്തമാക്കുമോ ; | (ഡി) | ഓപ്ഷൻ നൽകിയ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരിൽ നിന്നും പ്രസ്തുത തസ്തിക യിൽ സർവ്വീസിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിൽ സീനിയറായിട്ടുള്ള 7 പേരെയാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് അലോട്ട് ചെയ്തത്. സർവ്വീസിൽ പ്രവേശിച്ച തിയതിയുടെ അടിസ്ഥാനത്തിൽ ശ്രീ. ബിജു. പി. കരിയം ആണ് ഏറ്റവും സീനിയർ എന്ന് ആരോഗ്യ വകുപ്പ് ഡയറ ക്ടർ അറിയിച്ചിട്ടുള്ളത്. ശ്രീ.ബിജു. പി. കരിയ മിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. |
| (ഇ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അനർഹമായി നിയമിതനായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറെ ഒഴിവാക്കി സീനിയ റായ ആളെ അടിയന്തിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; | (ഇ) & (എഫ്) | ഓപ്ഷൻ നൽകിയ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരിൽ നിന്നും പ്രസ്തുത തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ച തിയതിയുടെ അടിസ്ഥാനത്തിൽ സീനിയറായിട്ടുള്ള 7 പേരെയാണ് ആരോഗ്യ വകുപ്പ് ഡയറക്ടർ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് അലോട്ട് ചെയ്തത്. ഇത് പ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് ഓപ്ഷൻ നൽകിയവരിൽ സർവ്വീസിൽ പ്രവേശിച്ച തിയതിയുടെ അടിസ്ഥാനത്തിൽ ശ്രീ. ബിജു. പി. കരിയത്തിനെയാണ് പ്രസ്തുത മെഡിക്കൽ കോളേജിൽ നിയമിച്ചിട്ടുള്ളത്. |
| (എഫ്) | അർഹനായ സീനിയറിനെ ഒഴിവാക്കി ജൂനിയറിനെ നിയമിക്കാൻ നടപടി എടുത്ത ജീവനക്കാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ

([illegible])